# അക്കാദമിക മാസ്റ്റർപ്ലാൻ

[സ്കൂൾതലം]

2025 - 2026

RVLPS Krishnapuram

# ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധ തരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു.

# മലയാളം

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* രക്ഷിതാവിന്റെയും അധ്യാപികയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

ജൂൺ

## പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര അനുഭവം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്നി ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല.

ജൂലൈ

## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായനമൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരമൊരുക്കുന്നു.

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* കുട്ടികൾക്കിണങ്ങുന്ന പുസ്തകം/ പുസ്തകഭാഗം ഭാവാത്മകമായി വായിച്ചു കേൾക്കാനവസരം.
* കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ.
* അമ്മമാരുടെ റീഡേഴ്സ് തീയേറ്റർ ശില്പശാല.

അഗസ്റ്റ്

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

# ഗണിതം

## ലക്ഷ്യങ്ങൾ

* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
* ഗണിത ചിന്താശേഷി വളർത്തൽ
* ഗുണന വസ്തുത കാർഡ് നിർമ്മാണം
* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* ഗണിത പഠനം രസകരമാക്കൽ.
* ഗണിതശേഷികളുടെ പ്രകടനം.
* ഗണിതം ലളിതമാക്കാം ഗണിതകളികളിലൂടെ.

## പ്രവർത്തനങ്ങൾ — ജൂൺ

* ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, തിരിച്ചറിയൽ.
* ചതുരം, വട്ടം, എന്നീ രൂപങ്ങൾ ചേർത്തു വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ.
* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ ചെയ്യുന്നു.
* കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ.
* ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം.

## ജൂലൈ — പ്രവർത്തനങ്ങൾ

* ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ.
* ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കൽ.

* സംഖ്യാകാർഡ് നിർമ്മാണം.
* പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠന ഉൽപന്നങ്ങളുടെ നിർമ്മാണം പ്രദർശനം.

## പ്രവർത്തനങ്ങൾ ആഗസ്റ്റ്

* ഒരു ദിനം ഒരു ചോദ്യം.
* ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* ഗണിത ആൽബം തയാറാക്കൽ.
* സംഖ്യാഗാനങ്ങൾ പാടുന്നു, ആസ്വദിക്കുന്നു.

# English

## Aims

* Simple words, simple sentence to speak, Read and write make sure these are in the children.
* Responds to simple instructions in the class room.
* Enjoys songs and sings them with rhythm and action.
* To speak, Read & write English without any mistakes.
* Provides picture cards.

## June

* Introducing simple words.
* Using picture cards.
* Identify the action words from the same pictures.
* Make simple sentences using the action word and naming words about the picture.

## July

* Describes the pictures
* Arrange word in alphabetical order.
* Make simple riddles.

## August

* Reads and understands the given poems and stories.
* Identifies rhyming words from the poem.
* Games, Action songs,
* Use of ICT